## പൈതൃക മ്യൂസിയം

90 (3057) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ആരുടെയെല്ലാം സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എല്ലാ ജില്ലകളിലും ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി 2012-13, 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 14 കോടി, 7 കോടി, 5 കോടി രൂപ എന്നിങ്ങനെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) നമ്മുടെ പൈതൃകത്തിന്റെയും ചരിത്രത്തിന്റെയും അടയാളപ്പെടുത്തലുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസിലാകുന്ന [illegible] ആധുനിക സംവിധാനങ്ങളോടുകൂടിയ മ്യൂസിയം സജ്ജീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതു മുഖേന അവയുടെ ഒരു ഭാഗം കേരള ചരിത്രവുമായി ബന്ധപ്പെടുത്തുന്നതും ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രദേശത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു വിഭാഗവും മ്യൂസിയത്തിലുണ്ടായിരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് പുരാവസ്തു വകുപ്പാണ്. ഇതിന്റെ പണികൾ, മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം വഴിയാണ് നടപ്പിലാക്കുന്നത്.

(ഡി) ഇതുവരെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ മ്യൂസിയം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലക്കാട്, പത്തനംതിട്ട ജില്ലകൾ ഒഴികെയുള്ള മറ്റ് 4 ജില്ലകളിലും മ്യൂസിയം നിർമ്മാണ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്.

**കലാകാര പെൻഷൻ**

91 (3058) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കലാകാര പെൻഷൻ നൽകുന്നതിനു ഒരുമാസത്തേക്ക് എത്ര രൂപ വേണ്ടി വരുമെന്നു അറിയിക്കാമോ ?

ഉത്തരം

കലാകാര പെൻഷൻ നൽകുന്നതിന് ഒരു മാസത്തേക്ക് ഏകദേശം 20 ലക്ഷത്തോളം രൂപ വേണ്ടിവരും.

**കലാകാര പെൻഷൻ**

92 (3059) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഏതെല്ലാം വിഭാഗങ്ങളിലുള്ളവർക്കാണ് കലാകാര പെൻഷൻ നൽകുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

സ.ഉ.(എംഎസ്.) 49/99/സിഎഡി തീയതി 8-11-1999 പ്രകാരമുള്ള കലാ വിഭാഗങ്ങൾക്കാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly